പത്രക്കുറിപ്പ്

23.05.2017

## അരങ്ങിൽ ആടിത്തകർത്ത് കുടുംബശ്രീ കലോത്സവം

ആലപ്പുഴ : കുടുംബശ്രീ വാർഷികങ്ങളോടനുബന്ധിച്ച് നടത്തിയ കലോത്സവത്തിന്റെ രണ്ടാം ദിനം വേദിയിൽ നിറഞ്ഞത് ഒപ്പനശീലുകളും തിരുവാതിരയും. വേദി ഒന്നിൽ അരങ്ങേറിയ തിരുവാതിര മത്സരത്തിൽ 13 ടീമുകളാണ് പങ്കെടുത്തത് .ഒപ്പനയിൽ 15 ടീമുകളും പങ്കെടുത്തു.

കലയുടെ കൗമാരം തങ്ങളിൽ ഇപ്പോഴും ബാക്കിയുണ്ടെന്ന് വ്യക്തമാക്കുന്നതായിരുന്നു തിരുവാതിരകളി യുടെ വേദിയിലെത്തിയ കുടുംബശ്രീ വനിതകളുടെ പ്രകടനം. കത്തിച്ച നിലവിളക്കിനു മുൻപിൽ ദശ പുഷ്പം ചൂടി ധനുമാസരാവിൽ തിരുവാതിര കളിക്കുന്ന സുന്ദരിമാരായി കുടുംബശ്രീ വനിതകൾ ഒരുങ്ങി നിന്നപ്പോൾ കാണികൾക്ക് ഏറെ കൗതുകമായി. മഴ മാറി നിന്നതും കലാമത്സരങ്ങളുടെ ആവേശം ഇരട്ടിയാക്കി. കൈക്കുഞ്ഞുങ്ങളുമായി പോലും വനിതകൾ മത്സരങ്ങളിൽ പങ്കെടുക്കാനെത്തിയത് ഏറെ കൗതുകമായി.

മൊഞ്ചുള്ള മണവാട്ടിയ്ക്കു ചുറ്റും ചടുലമായ നൃത്തചുവടുകളും കൈകൊട്ടി പാട്ടുമായി ഒപ്പനവേ ദിയിലും കുടുംബശ്രീ സഹോദരിമാർ അരങ്ങു തകർത്ത് കാണികളുടെ മനസ്സ് കവർന്നു. മലബാറിന്റെ തനത് ശൈലിയിൽ ഒപ്പനപാട്ടുകൾ വേദിയിൽ നിറഞ്ഞപ്പോൾ പലപ്പോഴും സംസ്ഥാന സ്കൂൾ യുവജ നോത്സവത്തിന്റെ പ്രതീതി ജനിപ്പിച്ചു.

വേദി രണ്ടിൽ നടന്ന മിമിക്രിയും മോണോആക്ട് നാടൻപാട്ട് മത്സരങ്ങളും നിലവാരം പുലർത്തുന്നവ യായിരുന്നു. മോണോആക്ടിൽ മാനസിക വെല്ലുകൾ നേരിടുന്ന പെൺകുട്ടിയുടെ അമ്മയുടെ ഹൃദയ വേദന, സ്ത്രീപീഡനം, സ്ത്രീശാക്തീകരണം, സർക്കാരിന്റെ ലൈഫ് പദ്ധതിയിലൂടെ വീട് ലഭിക്കുന്ന വീട്ടമ്മയുടെ സന്തോഷം എന്നിങ്ങനെ വിവിധ വിഷയങ്ങൾ അവതരിപ്പിച്ച മോണോആക്ട് അഭിനയമിക വിന്റെ വേദിയായി മിമിക്രി വേദിയിലും പെൺ കൊടികൾ തിളങ്ങി . മാപ്പിളപ്പാട്ട് ,കവിതാപാരായണം എന്നീ വിഭാഗങ്ങളിലും മത്സരാർത്ഥികൾ ഇഞ്ചോടിഞ്ച് പൊരുതുന്ന കാഴ്ചയായിരുന്നു.

ഭയം, അമ്മയുടെ മനസിൽ തീയാണ് എന്നീ വിഷയങ്ങൾ ആസ്പദമാക്കി വേദി നാലിൽ സംഘടിപ്പിച്ച കഥാ കവിതാ രചന മത്സരങ്ങളിലും കുടുംബശ്രീ വനിതകളുടെ പങ്കാളിത്തം ഏറെ ശ്രദ്ധേയമായിരു ന്നു. പ്രസംഗമത്സരത്തിലും വനിതകൾ തിളങ്ങി.